"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മാലിന്യ സംസ്കരണ പദ്ധതികളിൽ സ്വകാര്യ സംരംഭകരെ പങ്കെടുപ്പിക്കുന്നതിനുള്ള മാർഗ നിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടടവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡബ്ല്യു.എം) വകുപ്പ്**

സ.ഉ.(സാധാ) നം.1715/2025/LSGD തീയതി,തിരുവനന്തപുരം, 11-07-2025

---

പരാമർശം:- 1. ശുചിത്വ മിഷൻ, എക്സിക്യൂട്ടീവ് ഡയറക്ടറുടെ 01/02/2025-ലെ SM/500/2025-C4 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മാലിന്യ സംസ്കരണ പദ്ധതികളിൽ സ്വകാര്യ സംരംഭകരെ പങ്കെടുപ്പിക്കുന്നതിനുള്ള കരട് മാർഗനിർദ്ദേശങ്ങൾ പരാമർശം (1) പ്രകാരം ശുചിത്വ മിഷൻ ലഭ്യമാക്കി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മാലിന്യ സംസ്കരണ പദ്ധതികളിൽ സ്വകാര്യ സംരംഭകരെ പങ്കെടുപ്പിക്കുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾ, ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്നത് പ്രകാരം, അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുപമ ടി വി ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

കോർഡിനേറ്റർ, നവകേരളം കർമ്മപദ്ധതി 2
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
മാനേജിംഗ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ്, തിരുവനന്തപുരം
പ്രോജക്ട് ഡയറക്ടർ, കെ എസ് ഡബ്ല്യൂ എം പി
ഡയറക്ടർ ജനറൽ, കില
മാനേജിംഗ് ഡയറക്ടർ, കെ എസ് ഐ ഡി സി
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (G&SSA/E&RSA) കേരള, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫൊർമേഷൻ കേരള മിഷൻ
ഡയറക്ടർ(I&PRD), വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Manish V V
Date: 11-07-2025 11:29:39
സെക്ഷൻ ഓഫീസർ

പകർപ്പ്:-ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ. ക്ക്

# തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മാലിന്യ സംസ്കരണ പദ്ധതികളിൽ സ്വകാര്യ സംരംഭകരെ പങ്കെടുപ്പിക്കുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾ

1. **ആമുഖം**

മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പാക്കിവരുന്ന പദ്ധതികളിൽ, ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാങ്കേതിക, സാമ്പത്തിക, ഭൗതിക സഹായം ആവശ്യമുള്ള പക്ഷം ഇത്തരം പദ്ധതികൾ നടപ്പാക്കുന്നതിലേക്ക് സ്വകാര്യ സംരംഭകരുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിലേക്കുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

## 1.1 ഖരമാലിന്യ സംസ്കരണം

2016 ലെ ഖരമാലിന്യ പരിപാലന ചട്ടങ്ങളിലെ 15-ാം ചട്ടവും ഉപചട്ടങ്ങളും പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഖരമാലിന്യ പരിപാലനത്തിന് കൈക്കൊള്ളേണ്ട നടപടി ക്രമം വ്യക്തമാക്കിയിട്ടുണ്ട്. ഇതിൽ പ്രതിപാദിച്ചിട്ടുള്ളതനുസരിച്ച് വീടുകൾ, വാണിജ്യസ്ഥാപനങ്ങൾ, മാർക്കറ്റ്, മാളുകൾ, ഭവനസമുച്ചയങ്ങൾ, നോൺ റെസിഡൻഷ്യൽ ഏരിയ, ചേരിപ്രദേശം തുടങ്ങി അനൗപചാരിക സെറ്റിൽമെന്റുകൾ, മാലിന്യം ഉല്പാദിപ്പിക്കുന്ന ഇതരസ്ഥലങ്ങൾ തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും ജൈവ - അജൈവ മാലിന്യം തരംതിരിച്ചതിൽ നിന്നും അജൈവ മാലിന്യം വാതിൽ പടിശേഖരണം മുഖേന നടത്തേണ്ടത് ഗ്രാമപഞ്ചായത്തിന്റെയും നഗരസഭയുടെയും ഉത്തരവാദിത്വമാണ്. ഇപ്രകാരം വാതിൽപടി ശേഖരണം നടത്തുന്നതിന് സ്വയം തൊഴിൽ സംരംഭങ്ങൾ രൂപീകരിക്കുന്നതിനും അംഗങ്ങൾക്ക് തിരിച്ചറിയൽ കാർഡുകൾ നൽകണമെന്നും വാതിൽപ്പടി ശേഖരണത്തിൽ ഇവരുടെ സേവനം ഉപയോഗപ്പെടുത്തണമെന്നും നിർദ്ദേശിക്കുന്നു. കൂടാതെ മാലിന്യ ഉത്പാദകരിൽ നിന്നും യൂസർ ഫീ നിശ്ചയിച്ച് നേരിട്ടോ അംഗീകൃത ഏജൻസി മുഖേനയോ ശേഖരിക്കണമെന്നും നിർദ്ദേശിക്കുന്നുണ്ട്. ശേഖരിക്കുന്ന പുന:ചംക്രമണയോഗ്യമായ അജൈവ മാലിന്യം സംഭരിക്കുന്നതിനും ഇനം തിരിച്ച് തരംതിരിക്കുന്നതിനും ആവശ്യമുള്ള വിസ്തൃതിയോടു കൂടിയ മെറ്റീരിയൽ റിക്കവറി ഫെസിലിറ്റികൾ നിർമ്മിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

ഈ ചട്ടങ്ങൾ പ്രകാരം വികേന്ദ്രീകൃത മാലിന്യപരിപാലന രീതി സംസ്ഥാനത്ത് 2017-18 മുതൽ തന്നെ ആരംഭിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലുമായി കുടുംബശ്രീ സംഘടനാ സംവിധാനത്തിൽ നിന്നും രൂപം കൊണ്ട ഹരിത കർമസേന അംഗങ്ങളുടെ കൺസോർഷ്യം രൂപീകരിച്ച് വാതിൽപടി ശേഖരണവും, പാഴ് വസ്തുക്കളുടെ ഇനം തിരിച്ച് തരം തിരിക്കലും, ഏജൻസികൾ മുഖേനെയും അല്ലാതെയുമുള്ള പുനഃചംക്രമണവും, പുനഃചംക്രണ യോഗ്യമല്ലാത്ത വസ്തുക്കൾ സിമന്റ് ഫാക്ടറികൾക്കും മറ്റ് കോപ്രോസസിങ് സെന്ററുകളിലേക്കും കൈയ്യൊഴിയുന്നു. ആർ. ആർ. എഫുകളിൽ സ്ഥാപിച്ചിട്ടുള്ള ഷ്രെഡ്ഡിംങ് മെഷീനുകളിൽ പൊടിക്കുന്ന പ്ലാസ്റ്റിക്, റോഡ് നിർമാണത്തിന് (ക്ലീൻ കേരള കമ്പനി മുഖേന) ഉപയോഗിച്ചുവരുന്നു.

സംസ്ഥാനത്തെ ഖരമാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ മികച്ച രീതിയിൽ നടപ്പാക്കുന്നതിനും,

നൂതന സാങ്കേതിക വിദ്യകൾ ഈ മേഖലയിൽ കൊണ്ടുവരുന്നതിനും സ്വകാര്യ പങ്കാളിത്തം സഹായകരമാകുന്നതാണ്.

ഖരമാലിന്യ സംസ്കരണ മേഖലയിൽ സ്വകാര്യ പങ്കാളിത്തം കൊണ്ടുവരുമ്പോൾ യാതൊരു കാരണവശാലും ഹരിതകർമ്മ സേനയുടെ പ്രവർത്തനത്തെയും കൺസോർഷ്യത്തിന്റെ സംഘടനാ സംവിധാനത്തെയും പ്രതികൂലമായി ബാധിക്കുവാൻ പാടില്ലാത്തതും ഇത്തരം പദ്ധതികളിൽ ഹരിത കർമ്മസേനയുടെ സേവനം കൂടി പ്രയോജനപ്പെടുത്തും വിധം പദ്ധതികൾ തയ്യാറാക്കേണ്ടതുമാണ്.

## 1.2 ദ്രവമാലിന്യ സംസ്കരണം

ഖരമാലിന്യ സംസ്കരണം പോലെ പ്രധാന്യമർഹിക്കുന്ന മറ്റൊരു ഘടകമാണ് ദ്രവമാലിന്യ സംസ്കരണം. ഗ്രേവാട്ടർ, ബ്ലാക്ക് വാട്ടർ, വ്യവസായശാലകളിൽ നിന്നുള്ള മാലിന്യങ്ങൾ, വാണിജ്യ സ്ഥാപനങ്ങൾ, കച്ചവടസ്ഥാപനങ്ങൾ, ആശുപത്രികൾ, കൃഷിസ്ഥലത്തുനിന്നുള്ള മലിനജലം, വിവിധ ഖരമാലിന്യ സംസ്കരണ സ്രോതസ്സുകൾ, കക്കൂസ് മാലിന്യം/ സെപ്റ്റേജ് മുതലായവയിൽ നിന്നുള്ള ലീച്ചേറ്റ് എന്നിങ്ങനെ വിവിധരീതിയിൽ ജലസ്രോതസ്സുകൾ മലിനപ്പെടുന്നുണ്ട്. സംസ്ഥാനത്ത് ദ്രുതഗതിയിലുള്ള നഗരവൽക്കരണവും വികസനവും നടക്കുമ്പോൾ, ദ്രവമാലിന്യത്തിന്റെ വിവിധ ഘടകങ്ങളുടെ അളവും വർഷം തോറും വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. പരിസ്ഥിതി സംരക്ഷണ നിയമം, 1986 നിലനിൽക്കുമ്പോൾ തന്നെ മാലിന്യങ്ങൾ ജലാശയങ്ങളിലേക്ക് പുറന്തള്ളുന്നതും സെപ്റ്റേജും മറ്റ് തരത്തിലുള്ള ദ്രാവക മാലിന്യങ്ങളും എല്ലായിടത്തും ജലസ്രോതസ്സുകളെ മലിനമാക്കുന്നു (ഉപരിതല ജലസ്രോതസ്സുകളും ഭൂഗർഭജലവും ഉൾപ്പടെ). ഇത് ഗുരുതരമായ ആരോഗ്യ പ്രത്യാഘാതങ്ങൾക്ക് കാരണമാകുന്നു. ഉപയോഗിച്ച വെള്ളവും അതിന്റെ ഘടകങ്ങളും സുരക്ഷിതമായി നീക്കം ചെയ്യുകയോ ശാസ്ത്രീയമായി ഉപയോഗിക്കുകയോ ചെയ്യുക എന്നതാണ് ദ്രവമാലിന്യ സംസ്കരണത്തിന്റെ പ്രധാന ലക്ഷ്യം.

പ്രധാനമായും 3 തരത്തിലുള്ള ദ്രവമാലിന്യ സംസ്കരണ രീതികളാണ് നിലവിൽ അവലംബിച്ച് വരുന്നത്
.

1. സ്ഥാപനതല ദ്രവ മാലിന്യ സംസ്കരണ സംവിധാനം
2. കക്കൂസ് മാലിന്യ സംസ്കരണത്തിനുള്ള FSTP കൾ
3. നെറ്റ് വർക്ക് അധിഷ്ഠിത ദ്രവ മാലിന്യ സംസ്കരണ സംവിധാനം

മേൽപ്പറഞ്ഞവയിൽ നെറ്റ് വർക്ക് അധിഷ്ഠിത ദ്രവ മാലിന്യ സംസ്കരണ യൂണിറ്റുകൾക്ക് അടങ്കൽ തുകയും വാർഷിക പരിപാലന തുകയും വളരെ കൂടുതലയതിനാലും മറ്റ് സ്ഥാപനതല പദ്ധതികൾക്ക് നിലവിലുള്ള രീതിയിൽ പ്രവർത്തനങ്ങളുമായി മുൻപോട്ടു പോകുന്നതിനുള്ള തടസങ്ങളും പ്രസ്തുത മേഖലയിൽ പ്രാവീണ്യമുള്ള ഏജൻസികളുടെ അഭാവവും പദ്ധതികളുടെ സുഗമമായ നടത്തിപ്പിന് കാലതാമസം നേരിടുന്നുണ്ട്. മേൽപ്പറഞ്ഞ വിടവുകൾ നികത്തുന്നതിനും പദ്ധതികളുടെ

പ്രവർത്തനങ്ങളും നിർവ്വഹണവും ത്വരിതപ്പെടുത്തുന്നതിനും സ്വകാര്യ സംരംഭകരുടെ ഇടപെടൽ അനിവാര്യമാണ്. ഖരമാലിന്യ സംസ്കരണ മേഖലയിൽ സ്വകാര്യ പങ്കാളിത്തം കൊണ്ടുവരുമ്പോൾ യാതൊരു കാരണവശാലും ഹരിതകർമ്മ സേനയുടെ പ്രവർത്തനത്തെയും കൺസോർഷ്യത്തിന്റെ സംഘടനാ സംവിധാനത്തെയും പ്രതികൂലമായി ബാധിക്കുവാനും പാടില്ലാത്തതും ഇത്തരം പദ്ധതികളിൽ ഹരിത കർമ്മസേനയുടെ സേവനം കൂടി പ്രയോജനപ്പെടുത്തും വിധം പദ്ധതികൾ തയ്യാറാക്കേണ്ടതുമാണ്.

ഈ സാഹചര്യത്തിൽ സ്വകാര്യ സംരംഭകരുടെ പങ്കാളിത്തം, നിക്ഷേപം, അനുഭവസമ്പത്ത്, വ്യവസായ വൈദഗ്ധ്യം എന്നിവ വ്യവസ്ഥാപിതമായ രീതിയിൽ പ്രയോജനപ്പെടുത്തുന്നത് മാലിന്യ സംസ്കരണം കാര്യക്ഷമമാക്കുന്നതിനു ഗുണകരമായിരിക്കും എന്നതിനാൽ താഴെ പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

## 1.3 മാലിന്യ സംസ്കരണ മേഖലയിലെ സ്വകാര്യ പങ്കാളിത്തം

വികേന്ദ്രീകൃത മാലിന്യ സംസ്കരണ രീതിയിലൂടെ അടിസ്ഥാന സൗകര്യ വികസനവും ഹരിതകർമ്മസേനയെ ആവശ്യാനുസരണം നിയോഗിക്കുന്നതിനും കഴിഞ്ഞിട്ടുണ്ടെങ്കിലും മാലിന്യ സംസ്കരണ മേഖല നിരവധി പ്രശ്നങ്ങളാൽ സങ്കീർണമാണ്. ഇതിനകം തന്നെ 200 ൽ പരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്വകാര്യ സംരംഭകരെ കണ്ടെത്തി ഖര മാലിന്യ സംസ്കരണത്തിൽ ചില ഘടകങ്ങൾ ഏല്പിച്ചു നൽകിയിട്ടുണ്ട്. ഇവയെല്ലാം തന്നെ വെറും സർവീസ് കരാറുകളായി തീരുകയാണുണ്ടാകുന്നത്. സ്വകാര്യ സംരംഭകർ ഏറ്റെടുക്കുന്ന പ്രവർത്തനത്തിന്റെ മൂല്യം നിശ്ചയിക്കുകയോ, കരാർ വ്യവസ്ഥകൾ ശാസ്ത്രീയ പഠനത്തിന്റെ അടിസ്ഥാനത്തിൽ തീരുമാനിക്കുകയോ ചെയ്തിട്ടില്ല. അതുകൊണ്ടുതന്നെ സംരംഭകർക്ക് ആവശ്യം വേണ്ട മൂലധന നിക്ഷേപം നടത്തുന്നതിനോ മുടക്കുമുതൽ തിരികെ കിട്ടുന്നതുവരെ പദ്ധതി നടത്തുന്നതിന് കഴിയാറില്ല. നിലവിലുള്ളത് കേവലം ഒരു വർഷത്തെ സേവന കരാർ മാത്രമാണ്.

## 1.4 നിർവ്വചനം

പൊതുവായ ആസ്തികൾ സൃഷ്ടിക്കുന്നതിനും ജനങ്ങൾക്ക് സേവനങ്ങൾ ലഭ്യമാക്കുന്നതിനും പൊതുമേഖല സ്ഥാപനവും സ്വകാര്യ സംരംഭകനും നിശ്ചിത കാലയളവിലേക്ക് കരാർ മുഖേന നിക്ഷേപങ്ങൾ നടത്തുകയും സ്വകാര്യ സംരംഭകൻ തുടർപ്രവർത്തനചെലവ് വാങ്ങുകയോ വാങ്ങാതെയോ ആസ്തികൾ പരിപാലിക്കപ്പെടുകയും സേവനം നൽകുകയും ചെയ്യുന്ന രീതി പൊതു സ്വകാര്യ പങ്കാളിത്തമായി കണക്കാക്കാം. (കടപ്പാട് : ഡിപ്പാർട്ട്മെൻറ് ഓഫ് ഇക്കണോമിക് അഫേഴ്സ്, മിനിസ്ട്രി ഓഫ് ഫിനാൻസ്, ഗവൺമെന്റ് ഓഫ് ഇന്ത്യ)

Public Private Partnership or "PPP" is a form of fixed-term contractual arrangement between a public entity on one side and a private entity on the other, for the provision of public assets and/or public services through investments being made and/or management being undertaken by

the private entity, may or may not require payment of fee (DEA)

**2. ലക്ഷ്യം**

1. സ്വകാര്യ സംരംഭകരുടെ അനുഭവ സമ്പത്ത് പ്രയോജനപ്പെടുത്താൻ
2. തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിൽ സ്വകാര്യ നിക്ഷേപം നടത്താൻ
3. മേഖലയെ ഒരു വ്യവസായം എന്ന നിലയിൽ ഉയർത്തികൊണ്ടുവരാൻ
4. മാലിന്യ സംസ്കരണ മേഖലയിൽ ആധുനിക അടിസ്ഥാന സൗകര്യങ്ങൾ നിർമ്മിക്കാൻ
5. നൂതന സാങ്കേതിക വിദ്യകളുടെ സാധ്യതകളും പ്രക്രിയകളും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് ലഭ്യമാക്കാൻ
6. സർക്കുലർ സമ്പദ് വ്യവസ്ഥയുടെ പ്രയോജനം ലഭ്യമാക്കാൻ
7. നവ തൊഴിൽ/വ്യവസായ സംരംഭങ്ങളിലൂടെ കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാൻ

**3. സ്വകാര്യ പങ്കാളിത്തം കൊണ്ടുവരാൻ കഴിയുന്ന മേഖലകൾ / പ്രോജക്ടുകൾ**

(ഇവ ഉദാഹരണങ്ങളായി എടുക്കാവുന്നതും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ആവശ്യകത അനുസരിച്ച മറ്റുള്ള പദ്ധതികൾ എടുക്കാവുന്നതുമാണ് )

**3.1 ജൈവ മാലിന്യ സംസ്കരണം**

3.1.1 ഉറവിട മാലിന്യ സംസ്കരണത്തിന് മാലിന്യസംസ്കരണ ഉപാധികളും ഇനോക്കുലവും വിതരണം ചെയ്യുന്നതിന് വേണ്ട ഉത്തരവാദിത്വവും ചുമതലയും

3.1.2 ജൈവമാലിന്യം ഉറവിടത്തിൽ സംസ്കരിക്കാൻ കഴിയാത്ത സാഹചര്യത്തിൽ ഉത്പ്പാദിപ്പിക്കപ്പെടുന്നമാലിന്യം (Overflow waste) ശേഖരിക്കുകയും, സംസ്കരണ സ്ഥലത്തേക്ക് കൊണ്ടെത്തിക്കുകയും സംസ്കരിക്കുകയും ചെയ്യുന്നതിന്

3.1.3 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള ജൈവമാലിന്യ സംസ്കരണ പ്ലാന്റുകൾ, ബയോഗ്യാസ് പ്ലാന്റുകൾ, തുമ്പൂർമൂഴി യൂണിറ്റുകൾ എന്നിവ ഏറ്റെടുത്തു പ്രവർത്തിപ്പിക്കുന്നതിന്

3.1.4 തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ ഭൂമി/ സർക്കാർ ഭൂമിയിൽ പ്ലാന്റുകൾ നിർമ്മിച്ച

പ്രവർത്തിപ്പിക്കുന്നതിന്

3.1.5 സ്വന്തം ഭൂമിയിലോ/ ലീസിനെടുക്കുന്ന (Long term) ഭൂമിയിലോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സാമ്പത്തിക സഹായത്തോടെ പ്ലാന്റിന്റെ നിർമ്മാണപ്രവർത്തനം നടത്തി മാലിന്യ സംസ്കരണ പ്രവർത്തനം നടത്തുന്നതിന്

3.1.6 സംരംഭകരുടെ സ്വന്തം ഭൂമിയിൽ / ലീസിനെടുത്ത (long term) ഭൂമിയിൽ സ്വന്തം മുതൽമുടക്കിൽ സർക്കാർ അനുമതി/ സഹകരണത്തോടുകൂടി പ്ലാന്റിന്റെ നിർമ്മാണം നടത്തുകയും ടിപ്പിംഗ് ഫീസ് അടിസ്ഥാനത്തിൽ മാലിന്യ സംസ്കരണ പ്രവർത്തനം നടത്തുന്നതിന്.

**3.2 ആധുനിക അറവുശാല**

3.2.1 തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ ഭൂമി/ സർക്കാർ ഭൂമിയിൽ സ്വന്തം മുതൽമുടക്കിൽ അറവുശാലകളുടെ നിർമ്മാണവും നടത്തിപ്പും

3.2.2 സ്വന്തം ഭൂമിയിൽ / ലീസിനെടുത്ത (Long term) ഭൂമിയിൽ സ്വന്തം മുതൽമുടക്കിൽ അറവുശാലകളുടെ നിർമ്മാണവും നടത്തിപ്പും

3.2.3 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിർമ്മിച്ച അറവുശാലകളുടെ നടത്തിപ്പ്

3.2.4 നിലവിലെ അറവുശാലകൾ ആധുനിക വത്കരിക്കൽ

**3.3 അജൈവ മാലിന്യം**

3.3.1 അജൈവ മാലിന്യ ശേഖരണവും ശാസ്ത്രീയ മാലിന്യ സംസ്കരണത്തിനായി പ്രോസസ്സിംഗ്/ കോ പ്രോസസ്സിംഗ് ഫെസിലിറ്റിയിലേക്ക് കൈയ്യൊഴിയലും.

3.3.2 അജൈവ മാലിന്യ സംഭരണ കേന്ദ്രങ്ങളുടെ (MCF /RRF ) നിർമ്മാണം, തുടർ പ്രവർത്തനം

3.3.3 MCF/ RRF നിർമ്മിതി പൂർത്തിയായവയുടെ ഏറ്റെടുക്കൽ, തുടർ പ്രവർത്തനം

3.3.4 ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് MCF /RRF പ്രവർത്തിപ്പിക്കൽ

3.3.5 പുനഃചംക്രമണ പ്ലാന്റ് സ്ഥാപിക്കൽ, പ്രവർത്തിപ്പിക്കൽ, അറ്റകുറ്റപ്പണി നടത്തൽ

3.3.6 ലാന്റ്ഫില്ലുകൾ സ്ഥാപിച്ച് പ്രവർത്തിപ്പിക്കൽ

### 3.4 RDF പ്ലാന്റ്

3.4.1 തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ ഭൂമി/ സർക്കാർ ഭൂമിയിൽ സ്വന്തം മുതൽമുടക്കിൽ RDF പ്ലാന്റുകളുടെ നിർമ്മാണവും നടത്തിപ്പും

3.4.2 സ്വന്തം ഭൂമിയിൽ / ലീസിനെടുത്ത (long term) ഭൂമിയിൽ സ്വന്തം മുതൽ മുടക്കിൽ സർക്കാർ അനുമതി/ സഹകരണത്തോടുകൂടി RDF പ്ലാന്റുകളുടെ നിർമ്മാണവും നടത്തിപ്പും

3.4.3 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിർമ്മിച്ച RDF പ്ലാന്റുകളുടെ നടത്തിപ്പ്

### 3.5 മാലിന്യത്തിൽ നിന്നും ഊർജ്ജം ഉത്പ്പാദിപ്പിക്കുന്ന പ്ലാന്റ്

3.5.1 തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ ഭൂമി/ സർക്കാർ ഭൂമിയിൽ സ്വന്തം മുതൽ മുടക്കിൽ പുനഃചംക്രമണ യോഗ്യമല്ലാത്തതും ജ്വലനസാധ്യമായതുമായ പാഴ്‌വസ്തുക്കൾ ശേഖരിച്ച മാലിന്യത്തിൽ നിന്നും ഊർജ്ജം ഉത്പ്പാദിപ്പിക്കുന്നതിലേക്കുള്ള പ്ലാന്റുകളുടെ നിർമ്മാണവും നടത്തിപ്പും

3.5.2 സ്വന്തം ഭൂമിയിൽ / ലീസിനെടുത്ത (long term) ഭൂമിയിൽ സ്വന്തം മുതൽ മുടക്കിൽ സർക്കാർ അനുമതി/ സഹകരണത്തോടുകൂടി വേസ്റ്റ് ടു എനർജി പ്ലാന്റുകളുടെ നിർമ്മാണവും നടത്തിപ്പും

3.5.3 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിർമ്മിച്ച വേസ്റ്റ് ടു എനർജി പ്ലാന്റുകളുടെ നടത്തിപ്പ്

### 3.6 സാനിറ്ററി മാലിന്യം, ഹെയർ മാലിന്യം, ഇ മാലിന്യം, ആപത്കരമായ ഗാർഹികമാലിന്യം മുതലായവയുടെ സംസ്കരണം

3.6.1 മാലിന്യം ഉറവിടത്തിൽ നിന്ന് ശേഖരിക്കുകയും, സംസ്കരണ സ്ഥലത്തേക്ക് കൊണ്ടെത്തിക്കുകയും ചെയ്യുന്നതിന്

3.6.2 മാലിന്യം ഉറവിടത്തിൽ നിന്ന് ശേഖരിക്കുകയും, സംസ്കരണ സ്ഥലത്തേക്ക് കൊണ്ടെത്തിക്കുകയും സംസ്കരിക്കുകയും ചെയ്യുന്നതിന്

3.6.3 തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ ഭൂമി/ സർക്കാർ ഭൂമിയിൽ സ്വന്തം മുതൽ മുടക്കിൽ സർക്കാർ അനുമതി/ സഹകരണത്തോടുകൂടി ഇത്തരം പ്ലാന്റുകളുടെ നിർമ്മാണവും നടത്തിപ്പും

3.6.4 സ്വന്തം ഭൂമിയിൽ / ലീസിനെടുത്ത (long term) ഭൂമിയിൽ സ്വന്തം മുതൽ മുടക്കിൽ സർക്കാർ അനുമതി/ സഹകരണത്തോടുകൂടി ഇത്തരം പ്ലാന്റുകളുടെ നിർമ്മാണവും നടത്തിപ്പും

3.6.5 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിർമ്മിച്ച ഇത്തരം പ്ലാന്റുകളുടെ നടത്തിപ്പ്

### 3.7 കൺസ്ട്രക്ഷൻ ആൻഡ് ഡെമോളിഷൻ വേസ്റ്റ്

3.7.1 തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ ഭൂമി/ സർക്കാർ ഭൂമിയിൽ കെട്ടിട നിർമാണ അവശിഷ്ടങ്ങളും കെട്ടിടം പൊളിച്ചു നീക്കുമ്പോഴുണ്ടാകുന്ന പാഴ് വസ്തുക്കളും ശേഖരിച്ചു സംഭരിക്കുന്നതിനുള്ള കേന്ദ്രങ്ങൾ സ്ഥാപിക്കലും നടത്തിപ്പും

3.7.2 സ്വന്തം മുതൽ മുടക്കിൽ സർക്കാർ അനുമതി/ സഹകരണത്തോടുകൂടി, ശേഖരിക്കപ്പെടുന്ന കെട്ടിട അവശിഷ്ടങ്ങളും പാഴ് വസ്തുക്കളും സംസ്കരണ സ്ഥലത്തേയ്ക്ക് സെക്കന്ററി ട്രാൻസ്പോർട്ടേഷൻ ചെയ്ത് പുനഃചംക്രമണം ചെയ്യുന്നതിനുള്ള കേന്ദ്രങ്ങൾ സ്ഥാപിക്കലും നടത്തിപ്പും.

### 3.8 ദ്രവമാലിന്യ സംസ്കരണം

3.8.1 സീവേജ് ട്രീറ്റ്മെൻറ് പ്ലാന്റുകളുടെ (STP) നിർമ്മാണവും നടത്തിപ്പും

- തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ ഭൂമി/ സർക്കാർ ഭൂമിയിൽ സ്വന്തം മുതൽമുടക്കിൽ എസ് ടി പി പ്ലാന്റുകളുടെ നിർമ്മാണവും നടത്തിപ്പും
- സ്വന്തം ഭൂമിയിൽ / ലീസിനെടുത്ത (long term) ഭൂമിയിൽ സ്വന്തം മുതൽ മുടക്കിൽ സർക്കാർ അനുമതി/ സഹകരണത്തോടുകൂടി സീവേജ് ട്രീറ്റ്മെൻറ് പ്ലാന്റുകളുടെ (STP) നിർമ്മാണവും നടത്തിപ്പും
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിർമ്മിച്ച സീവേജ് ട്രീറ്റ്മെൻറ് പ്ലാന്റുകളുടെ (STP) നടത്തിപ്പ്
- എസ് ടി പി യുടെ പ്രവർത്തനങ്ങൾ (ഓപ്പറേഷൻ, മെയിന്റനൻസ് അല്ലെങ്കിൽ ഡിസ്ലഡ്ജിംഗ് പോലുള്ള നിർദ്ദിഷ്ട സേവനങ്ങൾ) ഫീസ് നൽകി സേവന മാനേജ്മെൻറ് കരാർ പ്രകാരം കൈകാര്യം ചെയ്യുന്നതിൽ സ്വകാര്യമേഖലയെ ഏർപ്പെടുത്തലും നടത്തിപ്പും
- എസ് ടി പി യുടെ നിർമ്മാണത്തിന് ധനസഹായത്തിന്റെ ഒരു ഭാഗം തദ്ദേശ സ്വയംഭരണ സ്ഥാപനം വഴിയും ബാക്കി സ്വകാര്യമേഖലയുടെ മുതൽ മുടക്കിലും ചെയുന്ന രീതിയായ ഹൈബ്രിഡ് ആന്വിറ്റി മോഡൽ[Hybrid Annuity Model] (എച്ച്എഎം) പ്രകാരം ഉള്ള നിർമ്മാണവും നടത്തിപ്പും
- വിവിധ കാരണങ്ങളാൽ പ്രവർത്തനം നിലച്ച എസ് ടി പികളുടെ പുനരുദ്ധാരണവും നവീകരണവും സംബന്ധിച്ച പ്രവർത്തനം സ്വകാര്യമേഖലയെ എൽപ്പിക്കുന്നതിനും അത് പ്രവർത്തിപ്പിക്കുകയും പൊതുമേഖലയിലേക്ക് തിരികെ കൈമാറുകയും ചെയ്യുന്ന രീതി പ്രകാരം ഉള്ള നിർമ്മാണവും നടത്തിപ്പും
- സ്വന്തം ഭൂമിയിൽ / ലീസിനെടുത്ത (long term) ഭൂമിയിൽ സ്വന്തം മുതൽ മുടക്കിൽ സർക്കാർ

അനുമതി/ സഹകരണത്തോടു കൂടി പ്ലാന്റിന്റെ നിർമ്മാണം നടത്തുകയും ടിപ്പിങ് ഫീസ് അടിസ്ഥാനത്തിൽ ദ്രവ മാലിന്യ സംസ്കരണ പ്രവർത്തനം നടത്തുന്നതിന്

3.8.2 ഫീക്കൽ സ്ലഡ്ജ് മാലിന്യ സംസ്കരണ പ്ലാന്റുകളുടെ (FSTP) നിർമ്മാണവും നടത്തിപ്പും

- തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ ഭൂമി/ സർക്കാർ ഭൂമിയിൽ സ്വന്തം മുതൽമുടക്കിൽ എസ് ടി പി പ്ലാന്റുകളുടെ നിർമ്മാണവും നടത്തിപ്പും

- സ്വന്തം ഭൂമിയിൽ / ലീസിനെടുത്ത (long term) ഭൂമിയിൽ സ്വന്തം മുതൽ മുടക്കിൽ സർക്കാർ അനുമതി/ സഹകരണത്തോടുകൂടി സീവേജ് ട്രീറ്റ്മെൻറ് പ്ലാന്റുകളുടെ (STP) നിർമ്മാണവും നടത്തിപ്പും

- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിർമ്മിച്ച സീവേജ് ട്രീറ്റ്മെൻറ് പ്ലാന്റുകളുടെ (STP) നടത്തിപ്പ്

- എസ് ടി പി യുടെ പ്രവർത്തനങ്ങൾ (ഓപ്പറേഷൻ, മെയിന്റനൻസ് അല്ലെങ്കിൽ ഡിസ്ലഡ്ജിംഗ് പോലുള്ള നിർദ്ദിഷ്ട സേവനങ്ങൾ) ഫീസ് നൽകി സേവന മാനേജ്മെൻറ് കരാർ പ്രകാരം കൈകാര്യം ചെയ്യുന്നതിൽ സ്വകാര്യമേഖലയെ ഏർപ്പെടുത്തെലും നടത്തിപ്പും

- എസ് ടി പി യുടെ നിർമ്മാണത്തിന് ധനസഹായത്തിന്റെ ഒരു ഭാഗം തദ്ദേശ സ്വയംഭരണ സ്ഥാപനം വഴിയും ബാക്കി സ്വകാര്യമേഖലയുടെ മുതൽ മുടക്കിലും ചെയുന്ന രീതിയായ ഹൈബ്രിഡ് ആന്വിറ്റി മോഡൽ[Hybrid Annuity Model] (എച്ച്എഎം) പ്രകാരം ഉള്ള നിർമ്മാണവും നടത്തിപ്പും

- വിവിധ കാരണങ്ങളാൽ പ്രവർത്തനം നിലച്ച എസ് ടി പി കളുടെ പുനരുദ്ധാരണവും നവീകരണവും സംബന്ധിച്ച പ്രവർത്തനം സ്വകാര്യമേഖലയെ എൽപ്പിക്കുന്നതിനും അത് പ്രവർത്തിപ്പിക്കുകയും പൊതുമേഖലയിലേക്ക് തിരികെ കൈമാറുകയും ചെയ്യുന്ന രീതി പ്രകാരം ഉള്ള നിർമ്മാണവും നടത്തിപ്പും

- സ്വന്തം ഭൂമിയിൽ / ലീസിനെടുത്ത (long term) ഭൂമിയിൽ സ്വന്തം മുതൽ മുടക്കിൽ സർക്കാർ അനുമതി/ സഹകരണത്തോടുകൂടി പ്ലാന്റിന്റെ നിർമ്മാണം നടത്തുകയും ടിപ്പിങ് ഫീസ് അടിസ്ഥാനത്തിൽ ദ്രവ മാലിന്യ സംസ്കരണ പ്രവർത്തനം നടത്തുന്നതിന്

3.8.3 ശൗചാലയമാലിന്യ സംസ്കാരണത്തിനായുള്ള മൊബൈൽ ട്രീറ്റ്മെൻറ് യൂണിറ്റ് (MTU)

- സ്വകാര്യ സംരഭകരുടെ സ്വന്തം മുതൽ മുടക്കിൽ MTU വാങ്ങി തദേശ സ്വയംഭരണ സ്ഥാപന പരിധിയിൽ സ്വന്തം മുതൽ മുടക്കിൽ സേവനം ചെയ്യുന്ന രീതി പ്രകാരം ഉള്ള നടത്തിപ്പ്.

- തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ മുതൽ മുടക്കിൽ MTU വാങ്ങി സ്വകാര്യ മേഖലയെ

- തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ മുതൽ മുടക്കിൽ MTU വാങ്ങി സ്വകാര്യ മേഖലയെ ഏല്പിച്ച് പ്രവർത്തനം നടത്തുന്നതിന്

3.8.4. മലിന ജലം ട്രക്ക് മുഖേന സംസ്കരണ ശാലയിൽ എത്തിച്ച് സംസ്കാരിക്കുന്നതിനുള്ള പ്രവർത്തനം

- സ്വകാര്യ സംരഭകരുടെ ധന സഹായത്തോടെ ട്രക്ക് വാങ്ങി തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിൽ ഉള്ള നടത്തിപ്പ്.
- ട്രക്ക് മുഖേന ഹോട്ടലുകളിൽ മറ്റും നിന്നുമുള്ള മലിന ജലം സംസ്കരണ പ്ലാന്റുകളിൽ എത്തിക്കുന്നതിന് ഉള്ള നടത്തിപ്പ്.
- ഗാർഹിക തലത്തിലും കമ്യൂണിറ്റി തലത്തിലും ഉണ്ടാകുന്ന കക്കൂസ് മാലിന്യം ട്രക്ക് മുഖേന പൊതു സംസ്കരണ പ്ലാന്റുകളിൽ എത്തിക്കുന്നതിന്
- തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ മുതൽ മുടക്കിൽ ട്രക്ക് വാങ്ങി സ്വകാര്യ മേഖലയെ ഏല്പിച്ച് പ്രവർത്തനം നടത്തുന്നതിന്

3.8.5 മലിനജല സംസ്കരണ പ്ലാന്റുകളുടെ (Grey water management plants) നിർമ്മാണവും നടത്തിപ്പും

- കമ്യൂണിറ്റി തലത്തിൽ ഗ്രേ വാട്ടർ സംസ്കരിക്കുന്നതിനുള്ള മാലിന്യസംസ്കരണ സംവിധാനങ്ങളുടെ സ്വന്തം ചിലവിലുള്ള നിർമ്മാണവും നടത്തിപ്പും
- ടിപ്പിങ് ഫീസിന്റെ അടിസ്ഥാനത്തിൽ കമ്യൂണിറ്റി തല സംവിധാനങ്ങളുടെ പരിപാലനം,
- കൺസ്ട്രക്റ്റഡ് വെറ്റ് ലാൻഡുകളുടെ (Constructed Wet Land) നിർമാണവും ദീർഘകാല പരിപാലനവും.

## 4. തദ്ദേശ സ്വയംഭരണ സ്ഥാപനം സ്വീകരിക്കേണ്ട നടപടി

മാലിന്യ സംസ്കരണത്തിൽ ഹ്രസ്വകാല മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുന്നതിലേക്കും, ദീർഘകാല അടിസ്ഥാനത്തിൽ പുതിയ സാങ്കേതിക വിദ്യകൾ ഏർപ്പെടുത്തുന്നതും ഉയർന്ന മൂലധന നിക്ഷേപം ആവശ്യമുള്ളതും മികച്ച സാങ്കേതിക വിദ്യ ഉൾപ്പെടുന്നതും ഉയർന്ന തോതിൽ വെല്ലുവിളികൾ നേരിടാനിടയുള്ളതുമായ പദ്ധതികൾ ഏറ്റെടുക്കുന്നതിനും, മാലിന്യ സംസ്കരണത്തിന് നിലവിൽ ഇല്ലാത്ത, നൂതനവും സാങ്കേതികവും സാമ്പത്തികമായും വിജയകരമായി നടപ്പാക്കാൻ കഴിയുന്നതുമായ പദ്ധതി ആശയങ്ങൾ മുന്നോട്ട് കൊണ്ടു വരുന്നതിനുമായി സ്വകാര്യ പങ്കാളിത്തം സ്വീകരിക്കാവുന്നതാണ്. അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ആയത് സംബന്ധിച്ച തീരുമാനങ്ങൾ കൈക്കൊള്ളാവുന്നതാണ്. ഹ്രസ്വകാല അടിസ്ഥാനത്തിൽ നിലവിൽ

തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ പ്രവർത്തനം നടത്തിവരുന്നവരെ കരാർ കാലാവധി അവസാനിക്കും വരെ പ്രവർത്തനം തുടരാൻ അനുവദിക്കേണ്ടതാണ്.

ദീർഘകാല അടിസ്ഥാനത്തിൽ പുതിയ സാങ്കേതിക വിദ്യകൾ കൊണ്ടുവരുന്നതിലേക്ക് സംരംഭകരെ കണ്ടെത്തുന്നതിനായി പ്രൊജക്റ്റ് ആശയം വിപുലപ്പെടുത്തുന്നതിനും വിശദമായ സാധ്യത-പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിനുമായി അനുയോജ്യമായ യോഗ്യതകൾ ഉള്ള ഒരു വിദഗ്ധനെയോ സ്ഥാപനത്തെയോ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനം, ശുചിത്വമിഷന്റെ സഹായത്തോടെ കണ്ടെത്തേണ്ടതാണ്. അവരുമായി തദ്ദേശ സ്വയംഭരണ സ്ഥാപനം കരാറിൽ ഏർപ്പെടേണ്ടതാണ്. വിദഗ്ധന്റെ/ സ്ഥാപനത്തിന്റെ കൺസൾട്ടൻസി സർവ്വീസിന്റെ പ്രതിഫലം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ലഭ്യമായ ഫണ്ടിൽ നിന്നും വഹിക്കേണ്ടതാണ്.

മാലിന്യ സംസ്കരണത്തിന് സംസ്ഥാനത്ത് നിലവിൽ ഇല്ലാത്തതും, നൂതനവും സാങ്കേതികവും സാമ്പത്തികമായും വിജയകരമായി നടപ്പാക്കാൻ കഴിയുന്നതുമായ പദ്ധതികൾക്കായി ലഭിക്കുന്ന പ്രൊജക്റ്റ് റിപ്പോർട്ട് സംസ്ഥാന തലത്തിൽ രൂപീകരിക്കുന്ന വിദഗ്ധ സമിതി പരിശോധിക്കും. ഇതിനായി പ്രസ്തുത റിപ്പോർട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനം ശുചിത്വ മിഷന് കൈമാറേണ്ടതും തുടർ മാർഗ്ഗനിർദ്ദേശം ശുചിത്വ മിഷൻ നൽകേണ്ടതുമാണ്.

**5. സ്വകാര്യ പങ്കാളിയെ കണ്ടെത്തുന്ന രീതി**

ഹ്രസ്വകാല മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ സംബന്ധിച്ച തീരുമാനം നടപടിക്രമം പാലിച്ചു കൊണ്ട് അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈക്കൊള്ളാവുന്നതാണ്. സ്വകാര്യപങ്കാളിയെ കണ്ടെത്തുന്നതിന് താഴെപറയുന്ന പ്രക്രിയ പിന്തുടരാവുന്നതാണ്.

5.1 തദ്ദേശ സ്വയംഭരണ സ്ഥാപനം കണ്ടെത്തുന്ന വിദഗ്ധൻ/ സ്ഥാപനം തയ്യാറാക്കുന്ന സാധ്യത പഠനത്തിന്റെ അടിസ്ഥാനത്തിൽ 1 കോടി രൂപ വരെ മൂലധനനിക്ഷേപം ആവശ്യമുള്ളതോ പ്രതിമാസം 15 ലക്ഷം രൂപ വരെ ആവർത്തനചെലവ് വരുന്നതോ അല്ലെങ്കിൽ രണ്ടും കൂടി ചേർന്നതോ ആയ പദ്ധതിയ്ക്കുള്ള അംഗീകാരം തദ്ദേശ സ്വയംഭരണ സ്ഥാപനതലവിദഗ്ധ സമിതി നൽകേണ്ടതും ഭരണാനുമതി തദ്ദേശ സ്വയംഭരണസ്ഥാപനത്തിൽ നിന്നും നേടേണ്ടതുമാണ്.

5.2 പദ്ധതിയുടെ മൂലധന നിക്ഷേപം 1 കോടി മുതൽ 5 കോടി രൂപ വരെയും ആവർത്തന ചെലവ് പ്രതിമാസം 15 ലക്ഷത്തിനു മുകളിൽ 1 കോടി രൂപ വരെയോ അല്ലെങ്കിൽ രണ്ടുംകൂടിയോ വരുന്ന സാഹചര്യത്തിൽ പദ്ധതിയ്ക്കുള്ള അംഗീകാരം ജില്ലാ തലത്തിൽ രൂപീകരിക്കുന്ന വിദഗ്ധസമിതി നൽകേണ്ടതാണ്. ഭരണാനുമതി അതാത് തദ്ദേശ ഭരണ സ്ഥാപനം നൽകേണ്ടണ്ടതുമാണ്.

5.3 അഞ്ചു കോടി രൂപയ്ക്കു മുകളിൽ വരുന്നതോ ഒരു കോടി രൂപയ്ക്കു മുകളിൽ പ്രതിമാസം ആവർത്തന ചെലവ് വരുന്നതോ അല്ലെങ്കിൽ രണ്ടുംകൂടിയോ വരുന്നതോ ആയ സാഹചര്യത്തിൽ പദ്ധതിക്ക് അംഗീകാരം നൽകുന്നതിന് സംസ്ഥാനതലത്തിൽ രൂപീകരിക്കുന്ന വിദഗ്ധസമിതി പരിശോധിച്ച

ശുപാർശയോട് കൂടി സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിക്ക അംഗീകാരത്തിനായി സമർപ്പിക്കേണ്ടതാണ്. അംഗീകാരം ലഭിക്കുന്ന മുറക്ക് അതാത തദ്ദേശഭരണസ്ഥാപനം ഭരണാനുമതി നൽകേണ്ടതാണ്.

5.4 ഏതെങ്കിലും കാരണവശാൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് തീരുമാനം കൈക്കൊള്ളാൻ സാധിക്കുന്നില്ലെങ്കിൽ സംശയനിവാരണത്തിനും സാങ്കേതിക ഉപദേശത്തിനും വിദഗ്ധസമിതിയുടെ പരിശോധനക്കും വേണ്ടി ശുചിത്വ മിഷനെ സമീപിക്കാവുന്നതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഇത്തരത്തിലുള്ള ആവശ്യം കാലതാമസം കൂടാതെ പരിഹരിക്കുന്നതിന് ശുചിത്വ മിഷൻ ബാധ്യസ്ഥമായിരിക്കും.

5.5 ജില്ലാതല വിദഗ്ധസമിതി രൂപീകരണം

അധ്യക്ഷൻ : 1. ജോയിന്റ് ഡയറക്ടർ , തദ്ദേശ സ്വയംഭരണ വകുപ്പ്

അംഗങ്ങൾ : 2 ജില്ലാ പ്ലാനിംഗ് ഓഫീസർ

3. എക്സിക്യൂട്ടീവ് എഞ്ചിനീയർ , ജില്ലാ പഞ്ചായത്ത്

4. ഫിനാൻസ് ഓഫീസർ, ജില്ലാ പഞ്ചായത്ത്

5. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി

6. വിഷയ മേഖലാ വിദഗ്ദൻ (ഖര / ദ്രവ മാലിന്യം)

7. പ്രൊക്യൂർമെന്റിൽ വൈദഗ്ധ്യമുള്ള വിദഗ്ധൻ

8. കൺവീനർ { ജില്ലാ മിഷൻ കോഓർഡിനേറ്റർ, ശുചിത്വ മിഷൻ}

5.6 സംസ്ഥാനതല വിദഗ്ധ സമിതി രൂപീകരണം

അധ്യക്ഷൻ : 1. എക്സിക്യൂട്ടീവ് ഡയറക്ടർ , ശുചിത്വ മിഷൻ

അംഗങ്ങൾ : 2 തദ്ദേശ സ്വയംഭരണ വകുപ്പിന്റെ പ്രതിനിധി

3. ധനകാര്യ വകുപ്പിന്റെ പ്രതിനിധി

4. ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പിന്റെ പ്രതിനിധി

5. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്

6. വിഷയ മേഖലാ വിദഗ്ദൻ (ഖര/ ദ്രവ മാലിന്യം)

7. പ്രൊക്യൂർമെന്റിൽ വൈദഗ്ധ്യമുള്ള വിദഗ്ധൻ

8. ഡയറക്ടർ, ഖരമാലിന്യ പരിപാലനം/ ദ്രവ മാലിന്യ പരിപാലനം

5.7 സാധ്യത പഠന റിപ്പോർട്ട്

സാധ്യത പഠന റിപ്പോർട്ടിന് മേല്പറഞ്ഞ രീതിയിൽ അംഗീകാരം ലഭിച്ചുകഴിഞ്ഞാൽ സ്വകാര്യ പങ്കാളിയെ കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാം. കരാർ ഉടമ്പടിയുടെ മാതൃക ശുചിത്വ മിഷൻ ലഭ്യമാക്കുന്നതാണ് .

5.8 സ്വകാര്യപങ്കാളിത്തം പ്രയോജനപ്പെടുത്താവുന്ന മേഖലകളും സ്വകാര്യപങ്കാളിയുടെ ഉത്തരവാദിത്തങ്ങളും അനുബന്ധമായി ചേർത്തിട്ടുണ്ട്.

അനുബന്ധം 1

## സ്വകാര്യ പങ്കാളിത്തം പ്രയോജനപ്പെടുത്താവുന്ന മേഖലകൾ / പ്രോജക്ടുകൾ, പൊതു വ്യവസ്ഥകൾ

(ഇവ ഉദാഹരണങ്ങളായി എടുക്കാവുന്നതും ത.സ്വ.ഭ സ്ഥാപനത്തിന്റെ ആവശ്യകത അനുസരിച്ച് മറ്റുള്ള പദ്ധതികൾ എടുക്കാവുന്നതുമാണ് )

**1. ജൈവ മാലിന്യ സംസ്കരണം**

**1.1 ഉറവിട മാലിന്യ സംസ്കരണ ഉപാധികളുടെയും ഇനോക്കുലത്തിന്റെയും വിതരണം - ഉത്തരവാദിത്തവും ചുമതലയും**

ഉറവിട മാലിന്യ സംസ്കരണത്തിന് മാലിന്യ സംസ്കരണ ഉപാധികളും ഇനോക്കുലവും വിതരണം ചെയ്യുന്നതിന് വേണ്ട ഉത്തരവാദിത്തവും ചുമതലയും ഏറ്റെടുക്കാവുന്നതാണ്. ആയത് സംബന്ധിച്ച പൊതുവായ വ്യവസ്ഥകൾ

1.1.1 ഉറവിടമാലിന്യ സംസ്കരണത്തിന് വിതരണം ചെയ്യുന്ന ഉപാധികൾ/ ഇനോകുലം ഗുണമേന്മയുള്ളവ ആയിരിക്കണം

1.1.2 വീട്ടുടമകൾക്കു ഉപാധികൾ പ്രവർത്തിപ്പിക്കുന്നതിന് പരിശീലനം നൽകണം

1.1.3 കരാർ കാലാവധിക്കുള്ളിൽ ഉപാധികൾ കേടാവുകയാണെങ്കിൽ കേടുപരിഹരിക്കുകയോ മാറ്റി നൽകുകയോ ചെയ്യണം

1.1.4 ആവശ്യാനുസരണം/ കൃത്യമായ ഇടവേളകളിൽ ഇനോകുലം കരാറിൽ നിശ്ചയിച്ചിട്ടുള്ള നിരക്കിൽ വിതരണം ചെയ്യണം

1.1.5 ആവശ്യമുള്ള പക്ഷം വീട്ടുടമ ഉത്പ്പാദിപ്പിക്കുന്ന ജൈവവളം ശേഖരിച്ച് ആവശ്യക്കാർക്ക് കൈമാറണം

1.1.6 വിതരണം ചെയ്ത ഉപാധികളുടെ പ്രവർത്തനം കൃത്യമായ ഇടവേളകളിൽ പരിശോധിക്കുകയും റിപ്പോർട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് നൽകുകയും ചെയ്യേണ്ടതാണ്

**1.2 കേന്ദ്രീകൃത/ വികേന്ദ്രീകൃത ജൈവമാലിന്യ സംസ്കരണം**

ജൈവമാലിന്യം ഉറവിടത്തിൽ സംസ്കരിക്കാൻ കഴിയാത്ത സാഹചര്യത്തിൽ അവ ശേഖരിക്കുകയും, കേന്ദ്രീകൃത/ വികേന്ദ്രീകൃത മാലിന്യ സംസ്കരണ കേന്ദ്രത്തിലേക്ക് കൊണ്ട് പോകുകയും സംസ്കരിക്കുകയും ചെയ്യുന്നത് സംബന്ധിച്ച പൊതുവായ വ്യവസ്ഥകൾ

1.2.1 സേവനം ആവശ്യമുള്ള വീട്ടുടമകളെയും സ്ഥാപന ഉടമകളെയും രജിസ്റ്റർ ചെയ്യണം

1.2.2 ശേഖരണ സംവിധാനം ഏർപ്പെടുത്തണം

1.2.3 മാലിന്യം കൊണ്ടുപോകുന്നതിനു ആവശ്യമായ ഏർപ്പാടുകൾ (Vehicle facilities ) ചെയ്യണം

1.2.4 നിലവിലുള്ള സംസ്കരണ സംവിധാനം ഉപയോഗിക്കുകയോ പുതിയ സംവിധാനം നിർമ്മിക്കുകയോ വേണം

1.2.5 ഉത്പ്പാദിപ്പിക്കുന്ന ജൈവവളം ആവശ്യക്കാർക്കു വിതരണം ചെയ്യണം

1.2.6 തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അനുവാദത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനം നിശ്ചയിക്കുന്ന യൂസർ ഫീസ് ശേഖരിക്കാവുന്നതാണ്

1.2.7 ഓരോ ദിവസത്തേയും ശേഖരണ/ സംഭരണ/ സംസ്കരണ വിവരങ്ങൾ റിപ്പോർട്ടാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് രേഖാമൂലം നൽകണം.

**1.3 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള ജൈവമാലിന്യ സംസ്കരണ പ്ലാന്റുകൾ**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള ജൈവമാലിന്യ സംസ്കരണ പ്ലാന്റുകൾ, ബയോഗ്യാസ് പ്ലാന്റുകൾ, തുമ്പൂർമുഴി പോലുള്ള യൂണിറ്റുകൾ എന്നിവ ഏറ്റെടുത്തു പ്രവർത്തിപ്പിക്കൽ സംബന്ധിച്ച പൊതുവായ വ്യവസ്ഥകൾ

1.3.1 തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ളതും സ്വകാര്യ-സംരംഭകർക്ക് നൽകുന്നതിനായി തീരുമാനിച്ചിട്ടുള്ളതുമായ പ്ലാന്റുകൾ, ഇതര സംവിധാനങ്ങൾ നേരിട്ട് പരിശോധിച്ച അവസ്ഥ വിലയിരുത്തി റിപ്പോർട്ട് ആക്കണം. റിപ്പോർട്ട് സെക്രട്ടറി അംഗീകരിച്ച കരാറിന്റെ ഭാഗമാക്കണം

1.3.2 പ്ലാന്റിന്റെ അറ്റകുറ്റ പണികൾ ചെയ്യുന്നുണ്ടെങ്കിൽ അത് വ്യക്തമാക്കി റിപ്പോർട്ട് നൽകി ത.സ്വ.ഭ സ്ഥാപനത്തിന്റെ അനുവാദം വാങ്ങണം

1.3.3 മാലിന്യ ശേഖരണ ചുമതല വ്യക്തമാക്കണം.

1.3.4 മാലിന്യ സംസ്കരണത്തിനുപയോഗിക്കുന്ന ഇനോകുലം പോലുള്ള അസംസ്കൃത വസ്തുക്കൾ സ്വന്തം നിലക്ക് ശേഖരിക്കണം

1.3.5 ഓരോ പ്ലാന്റിലും ആവശ്യത്തിനുള്ള തൊഴിലാളികളെ ഏർപ്പെടുത്തണം

1.3.6 തൊഴിൽ നിയമങ്ങൾ പാലിക്കുന്നത് ഉറപ്പുവരുത്തണം (മിനിമം വേതനം, യൂണിഫോറം, PPE കിറ്റ് തുടങ്ങിയവ)

1.3.7 ജൈവവളത്തിന്റെ വില്പനക്ക് ആവശ്യമായ ക്രമീകരണം ഏർപ്പെടുത്തണം.

1.3.8 തദ്ദേശ സ്വയംഭരണ സ്ഥാപനം ടിപ്പിംഗ് ഫീസ് നൽകേണ്ടതുണ്ടെങ്കിൽ അത് വ്യക്തമാക്കിയിരിക്കണം

1.3.9 കരാർ കാലാവധിക്ക് ശേഷം ആസ്തികൾ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് തിരികെ നൽകണം.

1.3.10 ആസ്തികൾ കരാർപ്രകാരം തിരികെ കിട്ടി കഴിഞ്ഞാൽ ബാധ്യത ഇല്ല എന്നുകാണിക്കുന്ന സർട്ടിഫിക്കറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനം നൽകണം.

1.3.11 കരാർ കാലാവധി നീട്ടിനൽകുന്നുണ്ടെങ്കിൽ പുതുക്കിയ കരാറിൽ ഏർപ്പെടണം

1.3.12 കരാർ വ്യവസ്ഥകൾ ചർച്ചചെയ്ത് തീരുമാനിക്കണം

**1.4 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭൂമിയിൽ പ്ലാന്റ് നിർമ്മാണം**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന ഭൂമിയിൽ പ്ലാന്റുകൾ നിർമിച്ചു പ്രവർത്തിപ്പിക്കുന്ന രീതി സംബന്ധിച്ച പൊതുവായ വ്യവസ്ഥകൾ

1.4.1 മാലിന്യ സംസ്കരണത്തിൽ സ്വകാര്യ പങ്കാളിത്തം കൊണ്ടുവരുന്നതിന് അനുയോജ്യമായ പദ്ധതികൾ കണ്ടുപിടിക്കുക എന്നതാണ് തദ്ദേശ സ്വയംഭരണ സ്ഥാപനം ഈ വിഷയത്തിൽ ആദ്യമായി സ്വീകരിക്കേണ്ട നടപടി. ഉയർന്ന മൂലധന നിക്ഷേപം ആവശ്യമായിട്ടുള്ളതും, നിർമ്മാണത്തിനും നടത്തിപ്പിനും വലിയ രീതിയിലുള്ള സാങ്കേതിക ക്ഷമത ആവശ്യമായി വരുന്നതുമായ പദ്ധതികളാണ് ഇത്തരത്തിൽ സ്വകാര്യ പങ്കാളിത്തത്തോടുകൂടി ഏറ്റെടുക്കേണ്ടത്.

1.4.2 പദ്ധതി കണ്ടെത്തി കഴിഞ്ഞാൽ പ്രസ്തുത പദ്ധതിയുടെ ഫീസിബിലിറ്റി സ്റ്റഡി നടത്തുന്നതിനും വിശദമായ പദ്ധതി മാർഗ്ഗ രേഖ തയ്യാറാക്കുന്നതിനും വേണ്ടി സാങ്കേതിക ക്ഷമതയുള്ള ഒരു ഏജൻസിയെ കണ്ടെത്തുകയും അവർ മുഖേന ഫീസിബിലിറ്റി സ്റ്റഡി നടത്തി, സ്വകാര്യ മേഖലയുമായുള്ള സംയോജനം സാധ്യമാണെന്ന് ഉറപ്പാക്കുകയും ആണ് അടുത്തതായി

തദ്ദേശസ്ഥാപനം ചെയ്യേണ്ടത്.

1.4.3 ഇത്തരത്തിൽ സ്വീകരിക്കുന്ന കൺസൾട്ടൻസി സർവീസിന്റെ/ കൺസൾട്ടന്റിന്റെ അല്ലെങ്കിൽ വിദഗ്ധന്റെ/ കൺസൾട്ടൻസി സ്ഥാപനത്തിന്റെ പ്രതിഫലം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും വഹിക്കേണ്ടതാണ്.

1.4.4 പ്രസ്തുത പഠനത്തിന്റെ അടിസ്ഥാനത്തിൽ ആയിരിക്കും ഏത് രീതിയിലുള്ള സ്വകാര്യപങ്കാളിത്തമാണ് ടി പദ്ധതിക്കായി രൂപീകരിക്കേണ്ടത് എന്നുള്ളത് തീരുമാനിക്കേണ്ടത്.

1.4.5 ഇത്തരം പദ്ധതികളുടെ സാങ്കേതിക പരിശോധന തദ്ദേശ സ്ഥാപന തലത്തിൽ നടത്തുന്നതിന് ബുദ്ധിമുട്ട് ഉണ്ടാകുന്ന സാഹചര്യത്തിൽ റിപ്പോർട്ട് ശുചിത്വ മിഷന് കൈമാറി തുടർമാർഗനിർദ്ദേശം ലഭ്യമാക്കാവുന്നതാണ്.

**1.5 സംരംഭകരുടെ ഭൂമിയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സാമ്പത്തിക സഹായത്തോടെ പ്ലാന്റ് നിർമ്മാണം**

സംരംഭകരുടെ സ്വന്തം ഭൂമിയിലോ/ ലീസിനെടുക്കുന്ന ഭൂമിയിലോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സാമ്പത്തിക സഹായത്തോടെ പ്ലാന്റിന്റെ നിർമാണപ്രവർത്തനം നടത്തി മാലിന്യ സംസ്കരണ പ്രവർത്തനത്തിൽ പങ്കെടുക്കാവുന്നതാണ്. ആയത് സംബന്ധിച്ച പൊതുവായ വ്യവസ്ഥകൾ

1.5.1 ബാധ്യതകളില്ലാത്ത സ്വന്തം /ലീസിനെടുത്ത ഭൂമി ഉണ്ടായിരിക്കണം

1.5.2 മാലിന്യസംസ്കരണ പ്രവർത്തനം എത്ര കാലത്തേക്കായിരിക്കും എന്നത് തദ്ദേശസ്വയംഭരണ സ്ഥാപനം നടത്തുന്ന നിക്ഷേപത്തിനാനുപാതികമായിരിക്കും. ഇത് തദ്ദേശസ്വയംഭരണ സ്ഥാപനം നടത്തുന്ന സാധ്യത പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായിരിക്കും നിശ്ചയിക്കുക .

1.5.3 പ്ലാന്റിന്റെ നിർമാണത്തിന് വേണ്ടിവരുന്ന തുക (CAPEX) എത്രയായിരിക്കുമെന്നും അതിൽ എത്ര ശതമാനം വീതമായിരിക്കും ഇരു കക്ഷികളും നിക്ഷേപിക്കേണ്ടത് എന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനം തീരുമാനിക്കും.

1.5.4 പ്ലാന്റിന്റെ നടത്തിപ്പ് ചെലവിന് (OPEX) തദ്ദേശ സ്വയംഭരണ സ്ഥാപനം ടിപ്പിംഗ് ഫീസ് നൽകേണ്ടതുണ്ടെങ്കിൽ ആയതു ടെൻഡറിൽ ആവശ്യപ്പെടാവുന്നതാണ്

1.5.5 പ്രൈവറ്റ് ഏജൻസികളുമായി ഒപ്പിടേണ്ട കരാറിന്റെ മാതൃക ശുചിത്വ മിഷൻ ലഭ്യമാക്കും.

1.5.6 കരാർ കാലാവധി തദ്ദേശസ്ഥാപനം തീരുമാനിക്കുന്നതും അത്രയും കാലം പ്ലാന്റും പ്ലാന്റ് സ്ഥിതി ചെയ്യുന്ന ഭൂമിയും മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കാൻ സംരംഭകന് അവകാശമുണ്ടാകില്ല

**1.6 സംരംഭകരുടെ ഭൂമിയിൽ സംരംഭകരുടെ മുതൽമുടക്കിൽ പ്ലാന്റ് നിർമ്മാണം**

സംരംഭകന്റെ സ്വന്തം/ ലീസിനെടുത്ത ഭൂമിയിൽ സംരംഭകന്റെ മുതൽമുടക്കിൽ പ്ലാന്റിന്റെ നിർമാണം നടത്തി മാലിന്യ സംസ്കരണം നടത്തുന്നത് സംബന്ധിച്ച പൊതുവായ വ്യവസ്ഥകൾ

1. പ്ലാന്റിന്റെ നിർമാണത്തിന് ആവശ്യമായ ഭൂമി സംരംഭകന്റെ കൈവശം ഉണ്ടായിരിക്കണം
2. പ്ലാന്റിന്റെ നിർമാണത്തിന് മൂലധനനിക്ഷേപം നടത്തുന്നതിന് ശേഷി ഉണ്ടായിരിക്കണം.
3. ഒന്നോ ഒന്നിലധികം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും മാലിന്യ സംസ്കരണത്തിനു ഓർഡറുകൾ നേടാവുന്നതാണ്
4. തദ്ദേശ സ്വയംഭരണ സ്ഥാപനം നല്കേണ്ടിവരുന്ന ടിപ്പിംഗ് ഫീസ് ടെൻഡർ നടപടികളിൽ കൂടിയോ / ചർച്ചചെയ്തോ തീരുമാനിക്കാവുന്നതാണ്
5. ഓരോ ദിവസവും എടുക്കുന്ന മാലിന്യത്തിന്റെ അളവ് , സംസ്കരിക്കുന്നതിന്റെ അളവ് തദ്ദേശ സ്വയംഭരണ സ്ഥാപനത്തെ രേഖാമൂലം അറിയിക്കണം
6. സംരംഭകനിൽ നിന്നും ഇത്തരത്തിൽ ഒരു അപേക്ഷ ലഭിച്ചാൽ തദ്ദേശ സ്വയംഭരണ സ്ഥാപനം മറ്റു സംരംഭകരുണ്ടോ എന്നറിയുന്നതിനായി സംരംഭകൻ മുന്നോട്ടുവച്ച വ്യവസ്ഥകളും തദ്ദേശ സ്വയംഭരണ സ്ഥാപനം കൂട്ടിച്ചേർക്കുന്ന വ്യവസ്ഥകളും ചേർത്ത് പരസ്യം ചെയ്യുകയും താല്പര്യമുള്ളവരിൽ നിന്നും അപേക്ഷ ക്ഷണിക്കുകയും വേണം (SWISS CHALLENGE MODEL See Paragraph 6)
7. ഒരപേക്ഷകൻ മാത്രമാണെങ്കിലും അനുകൂല തീരുമാനം കൈകൊള്ളാവുന്നതാണ് .

**2. അജൈവമാലിന്യം**

**1. ഏറ്റെടുക്കാവുന്ന പ്രവർത്തനങ്ങൾ**

1. അജൈവമാലിന്യ സംഭരണ കേന്ദ്രങ്ങളുടെ (MCF /RRF ) നിർമാണം, തുടർ പ്രവർത്തനം
2. MCF RRF നിർമിതി പൂർത്തിയായവയുടെ ഏറ്റെടുക്കൽ, തുടർ പ്രവർത്തനം ,
3. ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് MCF /RRF പ്രവർത്തിപ്പിക്കൽ,
4. പുനഃചംക്രമണ പ്ലാന്റ് സ്ഥാപിക്കൽ,
5. പുനഃചംക്രമണ യോഗ്യമല്ലാത്തതും ജ്വലന സാധ്യമായതുമായ പാഴ്വസ്തുക്കൾ ശേഖരിച്ച

ഉചിതമായ രീതിയിൽ സംസ്കരിക്കുക,

6. ആർഡിഎഫ് പ്ലാന്റ് സ്ഥാപിച്ച് പ്രവർത്തിപ്പിക്കുക

എന്നീ പ്രവർത്തനങ്ങൾ ഏറ്റെടുക്കാവുന്നതാണ്.

2. **അജൈവ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ - പൊതുവായ വ്യവസ്ഥകൾ**

അജൈവ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ നടപ്പാക്കുമ്പോൾ താഴെപറയുന്ന പൊതുവായ വ്യവസ്ഥകൾ പാലിക്കേണ്ടതായിട്ടുണ്ട്

1. അജൈവമാലിന്യത്തിന്റെ ശേഖരണം എംസിഎഫ്/ ആർ ആർ എഫ് എന്നിവിടങ്ങളിൽ എത്തിക്കൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഉത്തരവാദിത്വം ആയിരിക്കും
2. സ്വന്തം ഭൂമിയിലോ തദ്ദേശ സ്വയംഭരണ സ്ഥാപനം കൈമാറുന്ന ഭൂമിലയിലോ പ്ലാന്റുകൾ സ്ഥാപിക്കാവുന്നതാണ്
3. പ്ലാന്റുകളുടെ നിർമാണത്തിന് ആവശ്യമായ ഫണ്ട്

a. സംരംഭകൻ കണ്ടെത്തേണ്ടതാണ്

b. തദ്ദേശ സ്വയംഭരണ സ്ഥാപനം ഭാഗീകമായോ / പൂർണമായോ ലഭ്യമാക്കുന്നതാണ്

4. തദ്ദേശ സ്വയംഭരണ സ്ഥാപനം നടത്തിയ സാധ്യത പഠന റിപ്പോർട്ടിലൂടെയായിരിക്കും ഇതിൽ ഏതു രീതിയാണ് സ്വീകരിക്കേണ്ടതെന്നു തദ്ദേശസ്വയഭരണ സ്ഥാപനം തീരുമാനിക്കുക, സംരംഭകർക്ക് ഈ പഠനറിപ്പോർട് ലഭ്യമാകും
5. പുനഃചംക്രമണ യോഗ്യമായവ രണ്ടാം തരംതിരിവിലൂടെ മൂല്യവർദ്ധനവ് വരുത്തി പുനഃചംക്രമണ ഏജൻസികൾക്കു വിറ്റു പണം കണ്ടെത്താവുന്നതാണ്.
6. പുനഃചംക്രമണ യോഗ്യമല്ലാത്തതും ജ്വലന സാധ്യമായതുമായ പാഴ്‌വസ്തുക്കൾ ശേഖരിച്ച് ഉചിതമായ രീതിയിൽ സംസ്കരിക്കുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും സർവീസ് ചാർജ് ഈടാക്കാവുന്നതുമാണ് (തുക വ്യവസ്ഥാപിത മാർഗത്തിലൂടെ നിശ്ചയിക്കണം)
7. പൊതുഇടങ്ങളിൽ നിന്നും ജലസ്രോതസുകളിൽ നിന്നും നീക്കം ചെയ്ത മാലിന്യം സംസ്കരിക്കുന്നതിന്റെ ഉത്തരവാദിത്വം ഏജൻസി ഏറ്റെടുക്കേണ്ടതാണ്. ചെലവ് തദ്ദേശസ്വയംഭരണസ്ഥാപനത്തോട് ആവശ്യപ്പെടാവുന്നതാണ്

3. **അജൈവമാലിന്യ പരിപാലനം- പ്രവർത്തന മാതൃകകൾ**

അജൈവമാലിന്യ പരിപാലനത്തിന് താഴെപറയുന്ന മാതൃകകൾ സ്വീകരിക്കാവുന്നതാണ്

1. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള എംസിഎഫ്/ ആർ ആർ എഫ് സംരംഭകന് ഏറ്റെടുക്കാവുന്നതാണ്
2. ഈ നിർമിതികളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അനുമതിയോടെ രൂപ മാറ്റങ്ങൾ വരുത്താവുന്നതാണ്
3. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന ഭൂമിയിൽ എംസിഎഫ്/ ആർ ആർ എഫ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സാമ്പത്തിക സഹായത്തോടെ നിർമിച്ച് പ്രവർത്തിപ്പിക്കാവുന്നതാണ്
4. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന ഭൂമിയിൽ എംസിഎഫ്/ ആർ ആർ എഫ് സ്വന്തം മുതൽമുടക്കിൽ നിർമിച്ച് പ്രവർത്തിക്കാവുന്നതാണ്
5. സംരംഭകരുടെ സ്വന്തം ഭൂമിയിലോ / ലീസിനെടുക്കുന്ന ഭൂമിയിലോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സാമ്പത്തിക സഹായത്തോടെ പ്ലാന്റിന്റെ നിർമാണപ്രവർത്തനം നടത്തി മാലിന്യ സംസ്കരണ പ്രവർത്തനത്തിൽ പങ്കെടുക്കാവുന്നതാണ്
6. തദ്ദേശ സ്വയംഭരണ സ്ഥാപനം നടത്തിയ സാധ്യത പഠന റിപ്പോർട്ടിലൂടെയായിരിക്കും ഇതിൽ ഏതു രീതിയാണ് സ്വീകരിക്കേണ്ടതെന്നു തദ്ദേശസ്വയഭരണ സ്ഥാപനം തീരുമാനിക്കുക

4. **സാനിറ്ററി മാലിന്യം**

1. സാനിറ്ററി മാലിന്യം സുരക്ഷിതമായി സംസ്കരിക്കുന്നതിനു വീടുകളുടെ, സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ, ശേഖരണം, സുരക്ഷിതമായി കൊണ്ടുപോകൽ (Transportation), സംസ്കരണകേന്ദ്രത്തിലെത്തിച്ചുള്ള സംസ്കരണം എന്നിവ പ്രധാന പ്രവർത്തനങ്ങളാണ്. ഇവ സ്വകാര്യ സംരംഭകർക്ക് ഏറ്റെടുക്കാവുന്നതാണ്
2. സ.ഉ.(സാധാ)നം 1227/2022/ത.സ്വ.ഭ.വ തീയതി 16/05/2022 പ്രകാരം നിർദ്ദേശിച്ചിട്ടുള്ളതിൽ കവിയാത്ത യൂസർഫീസ് ഈടാക്കാവുന്നതാണ്
3. തദ്ദേശ സ്വയംഭരണ സ്ഥാപനം ഏല്പിച്ചുനൽകുന്ന ഭൂമിയിലോ, സ്വന്തം ഭൂമിയിലോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പങ്കാളിത്തത്തോടെയോ, സ്വന്തം നിലക്കോ മൂലധനനിക്ഷേപം നടത്തി പ്ലാന്റ് നിർമ്മിക്കാവുന്നതും തുടർ പ്രവർത്തനം ഏറ്റെടുക്കാവുന്നതുമാണ്.

4. പ്രതിദിന നടത്തിപ്പുചെലവ് (OPEX) പൂർണമായും യൂസർ ഫീസിൽ നിന്നും കണ്ടെത്തേണ്ടതാണ്.

5. തദ്ദേശസ്വയംഭരണ സ്ഥാപനം നടത്തിയ സാധ്യതപഠന റിപ്പോർട്ടിലൂടെയായിരിക്കും ഇതിനുള്ള വ്യവസ്ഥകൾ തദ്ദേശസ്വയഭരണ സ്ഥാപനം തീരുമാനിക്കുക.